# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5060** **15.11.2019 ൽ മറുപടിയ്ക്ക്**

**കേര കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ഏറ്റവും പ്രധാന വിളയായ കേര കൃഷി വ്യാപിപ്പിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | എ) കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. തേങ്ങയുടെ ഉത്പാദനവും, തെങ്ങിന്റെ ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉത്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, മെച്ചപ്പെട്ട പരിപാലനരീതികൾ കർഷകർ പ്രാവർത്തികമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിക്കുകയുണ്ടായി. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ 2019-20 മുതൽ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കേരഗ്രാമം പദ്ധതി നടപ്പാക്കി വരുന്നു. |

ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി കരിക്കിനും, കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

പരിസ്ഥിതി സൗഹൃദ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും, തെങ്ങുകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ബ്ലോക്കുതല ക്യാമ്പയിനുകൾ സംഘടിപ്പിച്ച് നാളികേരത്തിന്റെയും വെളിച്ചെണ്ണ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെയും ഗുണങ്ങൾ പ്രചരിപ്പിച്ച് ഉപയോഗം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

തെങ്ങുകൃഷിയുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കി ഗവേഷണ പദ്ധതികളിലൂടെ പരിഹാരം കാണാൻ കേന്ദ്രതോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

തെങ്ങിനെ ബാധിക്കുന്ന കീടങ്ങളേയും, രോഗങ്ങളേയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ നടത്തുന്നതിലേക്കായി പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും, കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 'വൈഗ' എന്ന പേരിൽ പ്രദർശന സെമിനാറുകൾ കൃഷി വകുപ്പ് എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നുണ്ട്. മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി (SFAC) മുഖാന്തിരം പ്രോജക്ട് അധിഷ്ഠിത സഹായവും സാങ്കേതിക സഹായവും നൽകുന്നുണ്ട്. കൂടാതെ കേരഫെഡ്, നാളികേര വികസനകോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരോല്പന്നങ്ങളുടെ ഉത്പാദനവും, വൈവിധ്യവൽക്കരണവും വിപണനവും നടത്തുന്നതിലൂടെ കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) സർക്കാർ വക സ്ഥലത്തും പൊതുസ്ഥാപനങ്ങളുടെ വളപ്പിലും കേര വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | ബി) തെങ്ങുകൃഷിയുടെ വിസ്തൃതി വരുന്ന 10 വർഷം കൊണ്ട് 1.44 ലക്ഷം ഹെക്ടർ കൂടി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിട്ട് നാളികേര വികസന കൗൺസിൽ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതും ആരംഭ |

ഘട്ടത്തിൽ തൃശ്ശൂർ-പൊന്നാനി കോൾ പാടങ്ങളിലെ സർക്കാർ അധീനതയിലുള്ള ബണ്ടുകളിൽ 4-5 മാസം പ്രായമുള്ള തെങ്ങിൻതൈകൾ നട്ടുപരിപാലിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതുമാണ്. ഇതിനായുള്ള തൈകൾ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

| | | | |
|---|---|---|---|
| സി) | നാളികേരം വിളവെടുക്കുന്നതിന് പ്രത്യേകം പരിശീലനം സിദ്ധിച്ചവരുടെ കർമ്മസേനയെ കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷിഭവനുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവവഴി സഹായമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | കേരളത്തിലെ തെങ്ങുകളിൽ ഉയരം കൂടിയവയുടെ സാന്ദ്രത കൂടുതലായതിനാൽ നാളികേരം വിളവെടുക്കുന്നതിന് കർഷകർ പ്രയാസം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് കേരഗ്രാമം പദ്ധതി മുഖേന 2000 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ കേന്ദ്ര പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ (SMAM) മുഖേന 50% സബ്സിഡി നിരക്കിൽ തെങ്ങുകയറ്റ യന്ത്രങ്ങൾ കർഷകർക്ക് നൽകി വരുന്നുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന തെങ്ങുകയറ്റ യന്ത്രം ഉപയോഗിക്കുന്നതിനും, തെങ്ങുകയറ്റ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. നാളികേരത്തിന്റെ വിളവെടുപ്പ്, തെങ്ങുകളിലെ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി (''ഫ്രണ്ട്സ് ഓഫ് കോക്കനട്ട് ട്രീ'') ചങ്ങാതിക്കൂട്ടം എന്ന പേരിൽ ചെറുപ്പക്കാരുടെ ഒരു വിദഗ്ധ സംഘത്തെ പരിശീലനത്തിലൂടെ സംഘടിപ്പിക്കാൻ കേന്ദ്രനാളികേര വികസന ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവരുടെ സഹായവും നാളികേര വിളവെടുപ്പിന് കർഷകർക്ക് ലഭ്യമാണ്. |
| ഡി) | കേരവൃക്ഷത്തെ പൈതൃക വൃക്ഷമായി പ്രഖ്യാപിച്ച് കേരകൃഷിയേയും കേരവൃക്ഷങ്ങളെയും സംരക്ഷിക്കുന്നതിന് വിപുലമായ പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കുമോ? | ഡി) | കേരകൃഷിയുടെ പ്രാധാന്യവും, കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതും ലക്ഷ്യമിട്ട് 2017-18 വർഷം നാളികേര വർഷമായി സർക്കാർ പ്രഖ്യാപിച്ചിരുന്നു. ആദിനാട് തെങ്ങുപോലുള്ള കേരളത്തിന്റെ തനത് തെങ്ങിൻതൈകൾ കണ്ടെത്തി ജനിതക വൈവിധ്യം കാത്തുസൂക്ഷിക്കുന്നതിനും, കൃഷി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ